# കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കൽ പെരുമാറ്റച്ചട്ടം പ്രഖ്യാപനം

**പുരോഹിതന്മാരും ജോലിക്കാരും സന്നദ്ധപ്രവർത്തകരും പ്രാരംഭത്തിലും, അതുകൂടാതെ വർഷം തോറും, ശിശു സുരക്ഷാ പരിശീലന ആവശ്യകതകൾ പൂർത്തീകരിക്കുന്നതിന് അനുസരിച്ചും കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കൽ പെരുമാറ്റച്ചട്ട പ്രഖ്യാപനം (Safeguarding Children and Young People Code of Conduct Declaration) ഒപ്പുവെക്കേണ്ടതുണ്ട്. (ഈ നയത്തിന്റെ സേഫ്ഗാർഡിംഗ് പരിശീലനം('Safeguarding Training') വിഭാഗം കാണുക).**

**മെൽബൺ കത്തോലിക്കാ അതിരൂപത (Catholic Archdiocese of Melbourne) യിലെ ഒരു ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റിയുമായുള്ള ഒരു വ്യക്തിയുടെ ഇടപാടുകൾക്ക് ശിശു സുരക്ഷാ പെരുമാറ്റച്ചട്ടം പ്രഖ്യാപനം (Child Safety Code of Conduct Declaration) പൂർത്തീകരിക്കേണ്ടത് നിർബന്ധമാണ്.**

**ഈ പ്രഖ്യാപനം സമർപ്പിക്കുന്നതിൽ വീഴ്ച്ച വരുത്തുന്നത് ഗുരുതരമായ കാര്യമാണ്, അത് അച്ചടക്ക നടപടിക്ക് കാരണമായേക്കാം.**

കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കുന്നതിനുള്ള ചുമതല ഏറ്റെടുക്കുന്നതിനും എല്ലാത്തരം ദുരുപയോഗങ്ങളിൽ നിന്നും ഉപദ്രവങ്ങളിൽ നിന്നും കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കുന്നതിനും ന്യായമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിനും അതിരൂപതാ പുരോഹിതന്മാരും ജീവനക്കാരും സന്നദ്ധപ്രവർത്തകരും പ്രതിജ്ഞാബദ്ധരാണ്. മെൽബൺ കത്തോലിക്കാ അതിരൂപതയിൽ (Catholic Archdiocese of Melbourne), പുരോഹിതന്മാരും ജീവനക്കാരും സന്നദ്ധപ്രവർത്തകരും ചുവടെ പറയുന്ന കാര്യങ്ങൾ ചെയ്ത് കുട്ടികളുടെയും ചെറുപ്പക്കാരുടെയും ആരോഗ്യവും ക്ഷേമവും സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധരാണ്:

**കുട്ടികളെയും ചെറുപ്പക്കാരെയും ദുരുപയോഗത്തിൽ നിന്നും ദുരുപയോഗങ്ങളിൽ നിന്നും സുരക്ഷിതമായി സൂക്ഷിക്കുക**

- വൈകാരികവും ശാരീരികവും ലൈംഗികവുമായ ദുരുപയോഗം അല്ലെങ്കിൽ അവഗണന ഉൾപ്പെടെയുള്ള ഏതുതരത്തിലുള്ള കുട്ടികളെ ദുരുപയോഗം ചെയ്യലിൽ അല്ലെങ്കിൽ ദ്രോഹിക്കലിലും ഏർപ്പെടരുത്.
- ഏതെങ്കിലും തരത്തിലുള്ള ശാരീരികമായ ശിക്ഷയോ അപമാനകരമോ ക്രൂരമോ ഭയപ്പെടുത്തുന്നതോ അപമാനിക്കുന്നതോ ആയ ഇടപെടലോ ഒഴിവാക്കുക.
- ശാരീരിക സമ്പർക്കം ഔചിത്യപൂർവ്വവും അതിക്രമിച്ചുള്ളതല്ലെന്നും ലൈംഗികസ്വഭാവമുള്ളതല്ലെന്നും ഉറപ്പാക്കുക.
- കുട്ടികളുമായും ചെറുപ്പക്കാരുമായും പക്ഷപാതപരമായത് കൂടാതെ/അല്ലെങ്കിൽ പ്രലോഭിപ്പിക്കൽ എന്നിവയായി വ്യാഖ്യാനിക്കപ്പെടാവുന്ന തരത്തിലുള്ള ബന്ധം വളർത്തിയെടുക്കുന്നത് ഒഴിവാക്കുക
- കുട്ടികളുമായും ചെറുപ്പക്കാരുമായും ആശയവിനിമയം നടത്തുമ്പോൾ മാന്യമായ ഭാഷയും ശൈലിയും ഉപയോഗിക്കുക, കുട്ടികളെയും ചെറുപ്പക്കാരുമായും ദ്രോഹിക്കുന്നതും നിരുത്സാഹപ്പെടുത്തുന്നതും ഭയപ്പെടുത്തുന്നതും അപമാനിക്കുന്നതുമായ ഭാഷ ഒഴിവാക്കുക.
- ലൈംഗികവും വിവേചനപരവും വംശീയവുമായ സ്വഭാവമുള്ള, നർമ്മം, തമാശകൾ അല്ലെങ്കിൽ കുത്തുവാക്ക് എന്നിവ ഉൾപ്പെടെയുള്ള ഭാഷ ഒഴിവാക്കുക.

*മെൽബൺ അതിരൂപത എല്ലാ കുട്ടികളുടെയും ചെറുപ്പക്കാരുടെയും വ്യ്ണിതാരാകാവുന്ന സാഹചര്യങ്ങളിലുള്ള മുതിർന്നവരുടെയും സുരക്ഷിതത്വത്തിനും ക്ഷേമത്തിനും, അന്തസ്സിനും പ്രതിജ്ഞാബദ്ധമാണ്.*

# കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കൽ പെരുമാറ്റച്ചട്ടം പ്രഖ്യാപനം

**ശാരീരികമായും മാനസികമായും സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കുക**

- ഒരു മുതിർന്നയാൾ ഒരിക്കലും ഒരു കുട്ടിയുമായോ ചെറുപ്പക്കാരുമോയോ ഒറ്റയ്ക്കല്ലെന്നും അവർ ഒരു കുട്ടിയുമായോ ചെറുപ്പക്കാരനുമായോ ചെറുപ്പക്കാരിയുമായോ അവർ ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുള്ള സാഹചര്യത്തിൽ സമ്പർക്കം പുലർത്താൻ ശ്രമിക്കുന്നില്ലെന്നും ഉറപ്പാക്കുക
- നിങ്ങളുടെ പരിപാലനത്തിലുള്ള കുട്ടികളും ചെറുപ്പക്കാരും എല്ലായ്പ്പോഴും ഉചിതമായ മേൽനോട്ടത്തിന് കീഴിലാണെന്ന് ഉറപ്പാക്കുക.
- കുട്ടികളുടെയും ചെറുപ്പക്കാരുടെയും പെരുമാറ്റത്തെ ക്രിയാത്മകമായി നയിക്കാൻ ന്യായവും, മാന്യവും വികസനപരമായി ഉചിതവുമായ തന്ത്രങ്ങൾ ഉപയോഗിക്കുക.
- ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റി പ്രവർത്തനത്തിന്റെ പശ്ചാത്തലത്തിൽ കുട്ടികളുടെയും യുവജനങ്ങളുടെയും ഫോട്ടോഗ്രാഫുകളോ വീഡിയോയോ എടുക്കുന്നത് മാതാപിതാക്കളുടെയോ രക്ഷിതാക്കളുടെയോ സമ്മതത്തോടെയാണെന്ന് ഉറപ്പാക്കുക.
- സാമൂഹ്യ മാധ്യമങ്ങളും ഡിജിറ്റൽ ആശയവിനിമയവും ഉപയോഗിക്കുന്നത് കുട്ടികളെയും ചെറുപ്പക്കാരെയും ചൂഷണം ചെയ്യാത്തതും അപകടസാദ്ധ്യതയിലാക്കാത്തതുമായ രീതിയിൽ ആയിരിക്കണം.
- കുട്ടികളെയും യുവാക്കളെയും പ്രതികൂലമായി ബാധിക്കുന്ന ശാരീരികമോ പാരിസ്ഥിതികമോ ആയ അപകടസാധ്യതകൾ നീക്കംചെയ്യാനായി കൂടാതെ/അല്ലെങ്കിൽ കുറയ്ക്കാനുമായി പ്രവർത്തിക്കുക
- കുട്ടികളുടെയും ചെറുപ്പക്കാരുടെയും പരിചരണത്തിൽ ഏർപ്പെടുന്നതിനു മുമ്പ് മദ്യമോ നിയമവിരുദ്ധമോ ആയ മരുന്നുകളോ ഉപയോഗിക്കരുത്.
- കുട്ടികൾക്കും ചെറുപ്പക്കാർക്കും മദ്യവും മയക്കുമരുന്നും വിതരണം ചെയ്യരുത് .
- ക്രിമിനൽ കുറ്റത്തിന് കുറ്റം ചുമത്തപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്താൽ ഉടൻ തന്നെ മാനേജ്മെന്റിനെ അറിയിക്കുക (ഒരു CAM ഇടവക, ഏജൻസി അല്ലെങ്കിൽ എന്റിറ്റിയുമായുള്ള നിങ്ങളുടെ ഇടപെടലുമായി ബന്ധപ്പെട്ട് ഒരു ക്രിമിനൽ ചരിത്ര റെക്കോർഡ് പരിശോധനയ്ക്ക് വിധേയമാണെങ്കിൽ).

**സാംസ്കാരിക സുരക്ഷയെയും പങ്കാളിത്തത്തെയും പിന്തുണയ്ക്കുന്നു**

- കുട്ടികളുടെയും ചെറുപ്പക്കാരുടെയും സുരക്ഷ, പങ്കാളിത്തം, ശാക്തീകരണം എന്നിവ പ്രോത്സാഹിപ്പിക്കുക.
- ഭിന്നശേഷിയുള്ള; സാംസ്കാരികമായും ഭാഷാപരമായും വൈവിദ്ധ്യമുള്ള പശ്ചാത്തലങ്ങളിൽ നിന്നുള്ള; സ്വവർഗാനുരാഗികൾ, ഇന്റർസെക്സ്, ലിംഗ വൈവിധ്യമാർന്ന കുട്ടികളെയും ചെറുപ്പക്കാരെയും; ആദിമനിവാസികളും ടോറസ് സ്ട്രെയിറ്റ് ദ്വീപുകാരായ കുട്ടികളെയും ഉൾപ്പെടുത്തുന്നതിനെ പിന്തുണയ്ക്കുക.

*മെൽബൺ അതിരൂപത എല്ലാ കുട്ടികളുടെയും ചെറുപ്പക്കാരുടെയും വ്യ ണിതാരാകാവുന്ന സാഹചര്യങ്ങളിലുള്ള മുതിർന്നവരുടെയും സുരക്ഷിതത്വത്തിനും ക്ഷേമത്തിനും, അന്തസ്സിനും പ്രതിജ്ഞാബദ്ധമാണ്.*

# കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കൽ പെരുമാറ്റച്ചട്ടം പ്രഖ്യാപനം

**മാന്യമായ ബന്ധങ്ങൾ പ്രോത്സാഹിപ്പിക്കുന്നു**

- കുട്ടികളുമായും ചെറുപ്പക്കാരുമായും അവരുടെ അവകാശങ്ങളും അന്തസ്സും ഉയർത്തിപ്പിടിക്കുന്ന നല്ലതും ആദരവുള്ളതുമായ ഇടപെടലുകളിൽ ഏർപ്പെടുക.
- കുട്ടികളുടെയും ചെറുപ്പക്കാരുടെയും കാഴ്ചപ്പാടുകൾ ശ്രദ്ധിക്കുകയും ബഹുമാനിക്കുകയും ചെയ്യുക.

**കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കാൻ നടപടിയെടുക്കുന്നു**

- കുട്ടികളുടെയും ചെറുപ്പക്കാരുടെയും സുരക്ഷയുമായി ബന്ധപ്പെട്ട് അവരുടെ ആശങ്കകൾ ശ്രദ്ധിക്കുകയും അവരെ പിന്തുണയ്ക്കുന്ന വിധം പ്രതികരിക്കുകയും ചെയ്യുക.
- ഈ നയത്തിന്റെ ആവശ്യകതകൾക്ക് അനുസൃതമായി ഏതെങ്കിലും കുട്ടികളുടെ സുരക്ഷാ വിഷയങ്ങൾ, റിപ്പോർട്ടുകൾ അല്ലെങ്കിൽ വെളിപ്പെടുത്തലുകൾ പ്രസക്തമായ നിയമപരമായ ശിശു സംരക്ഷണ അധികാരികളെ ഉദാ. ചൈൽഡ് പ്രൊട്ടക്ഷൻ (ഡി.എച്ച്.എച്ച്.എസ്) (Child Protection (DHHS)), വിക്ടോറിയ പോലീസ്, കൂടാതെ പ്രൊഫഷണൽ സ്റ്റാന്റേർഡ്സ് യൂണിറ്റ് (Professional Standards Unit) എന്നിവരെ അറിയിക്കുക.

മെൽബൺ കത്തോലിക്കാ അതിരൂപത (Catholic Archdiocese of Melbourne) യിലെ കുട്ടികളുമായും ചെറുപ്പക്കാരുമായും ഇടപഴകുമ്പോഴുള്ള ശിശു സുരക്ഷാ പെരുമാറ്റച്ചട്ടം (Child Safety Code of Conduct) ഞാൻ വായിച്ചു, അത് പാലിക്കാമെന്ന് സമ്മതിക്കുകയും ചെയ്യുന്നു.

| സത്യവാങ്മൂലം | | |
|---|---|---|
| പേര് (ദയവായി അച്ചടിക്കുക) | ഒപ്പ് | തീയതി |
| | | / / |
| മേൽവിലാസം: | | |
| സാക്ഷിയുടെ പേര് (ദയവായി അച്ചടിക്കുക) | ഒപ്പ് | തീയതി |
| | | / / |

*മെൽബൺ അതിരൂപത എല്ലാ കുട്ടികളുടെയും ചെറുപ്പക്കാരുടെയും വ്യണിതാരാകാവുന്ന സാഹചര്യങ്ങളിലുള്ള മുതിർന്നവരുടെയും സുരക്ഷിതത്വത്തിനും ക്ഷേമത്തിനും, അന്തസ്സിനും പ്രതിജ്ഞാബദ്ധമാണ്.*

# കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കൽ പെരുമാറ്റച്ചട്ടം പ്രഖ്യാപനം

CATHOLIC ARCHDIOCESE
OF MELBOURNE

പതിപ്പ് 1: ജൂലൈ 2019
പ്രൊഫഷണൽ സ്റ്റാൻന്റേർഡ്സ് യൂണിറ്റ്